**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5395 — 06.07.2012-ൽ മറുപടിക്ക്

## വിമൺ ഹെൽത്ത് കെയർ സെന്റർ (സീതാലയം) പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) വിമൺ ഹെൽത്ത് കെയർ സെന്റർ (സീതാലയം) പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പ്രവർത്തിച്ചുവരുന്നത് ; | എ) പതിനാല് ജില്ലകളിലും പ്രവർത്തിച്ചു വരുന്നു. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് ഹോമിയോപ്പതി വകുപ്പ് നടത്തിവരുന്നത് ; വിശദീകരിക്കുമോ ; | ബി) സ്ത്രീകളുടെ ശാരീരിക, മാനസിക, വൈകാരിക ആരോഗ്യം ഉറപ്പുവരുത്തുന്നതിനും, ഗാർഹിക സാമൂഹിക പീഢനങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതുമായ പ്രവർത്തനമാണ് സീതാലയം പദ്ധതിയിലൂടെ ഹോമിയോപ്പതി വകുപ്പ് നടത്തിവരുന്നത്. |
| സി) ഈ പദ്ധതി എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളോടും ബന്ധപ്പെട്ട് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ; | സി) പത്തനംതിട്ട ഒഴികെ എല്ലാ ജില്ലകളിലും, ജില്ലാ ഹോമിയോ ആശുപത്രിക്ക് കീഴിലാണ് ഈ പദ്ധതി നടത്തിവരുന്നത്. പത്തനംതിട്ടയിൽ പന്തളം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ഈ പദ്ധതി നടത്തി വരുന്നു. |
| ഡി) പ്രസ്തുത പദ്ധതിക്കായി 2012-13 വർഷത്തിൽ എത്ര തുക നീക്കിവച്ചു ; ആയത് പര്യാപ്തമാണോ ; തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ ; വിശദമാക്കുമോ ? | ഡി) 2012-13 വർഷത്തിൽ സീതാലയം പദ്ധതിക്കായി 170 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. തുക പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ